DESPATCHED
On.29/12/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 941(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10183/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഒക്ടോബർ 27**

ശ്രീ. കെ. രതീഷ്കുമാർ,
ശിവകൃപ, വയണാമുല,
ആയൂർ പി.ഒ.,
കൊല്ലം – 691 533. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജിയോളജിസ്റ്റ് കൊല്ലം, മൈനിംഗ് & ജിയോളജി വകുപ്പ്, ജില്ലാ ഓഫീസ്, കൊല്ലം.
2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്, പട്ടം പാലസ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 24.1.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.2.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.4.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 16.7.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30.6.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 2.7.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.7.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 5.8.2022, 10.8.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 26.10.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ. രതീഷ്കുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് 27/- രൂപ

അടയ്ക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി തുക ജില്ലാ ട്രഷറിയിൽ അടച്ച് ചല്ലാൻ ഹാജരാക്കിയെങ്കിലും 45 ദിവസത്തോളം കഴിഞ്ഞിട്ടും രേഖകൾ അയച്ചു നൽകിയില്ലെന്ന് കാണിച്ച് 19.4.2022-ന് ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയത് സമർപ്പിച്ച് കുറച്ച് ദിവസങ്ങൾക്കുശേഷം വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ ചില പകർപ്പുകൾ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അയച്ചു നൽകിയിരുന്നു എന്നും ആയത് വായിക്കാൻ പറ്റാത്ത രീതിയിലും അപൂർണ്ണമായ രീതിയിലും ഉള്ളതായിരുന്നു എന്നും ടി രേഖകൾ കേരള ഹൈക്കോടതിയിലോ മറ്റ് അധികാര സ്ഥാപനങ്ങളിലോ ഹാജരാക്കരുത് എന്ന ദുരുദ്ദേശത്തോടെയാണെന്നുമാണ്. ആയതിനാൽ വിവരാവകാശ നിയമത്തിന്റെ അന്തസത്തക്ക് ചേരാതെ തെറ്റായും അപൂർണ്ണമായും വായിക്കാൻ കഴിയാത്തതരത്തിലും മനപൂർവ്വം ദുരുദ്ദേശത്തോടെ വിവരങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികൾ കൈകൊള്ളണമെന്നും വായിക്കാൻ കഴിയുന്ന തരത്തിലുള്ള രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണ-മെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 24.1.2022 ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. സ്റ്റാർ ഇൻഡസ്ട്രീസ് വയണാംമൂല ഉമ്മന്നൂർ പഞ്ചായത്ത് ക്രഷർ യൂണിറ്റിന് വേണ്ടി ശ്രീ. ഇബ്രാഹീംകുട്ടി മാനേജിംഗ് പാർട്ട്ണർ സ്റ്റാർ ഇൻഡസ്ട്രീസ് വയണാംമൂല എന്നയാളുടെ പേരിൽ ആദ്യമായി ഡീലേഴ്സ് ലൈസൻസ് നൽകിയത് എന്നാണെന്നും

ii. അന്നു മുതൽ 24.01.2022 വരെ നൽകിയ ഡീലേഴ്സ് ലൈസൻസിന്റെ പകർപ്പുകൾ ലഭ്യമാക്കണമെന്നും

iii. ശ്രീ. അലിയാരുകുട്ടി എം.എസ്. ഹൗസ് വാക്കനാട്, കരീപ്ര പി.ഒ. എന്നയാളുടെ പേരിൽ 2018 സെപ്റ്റംബർ മാസത്തിന് ശേഷം 24.01.2022 വരെ അനധികൃത കരിങ്കൽ ഖനനത്തിന് എതിരെയുണ്ടായ ഉത്തരവുകൾ, പിഴ ഈടാക്കിയത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുക എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 21.2.2022-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിലെ ഉത്തരം ഒന്നിലെ തെറ്റ് ചൂണ്ടിക്കാട്ടിയും രണ്ടും മൂന്നും ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാകുന്നതിന് 27/- രൂപ കൊല്ലം ജില്ലാ ട്രഷറിയിൽ അടച്ച ചല്ലാൻ കോപ്പിയുമായിട്ടാണ് ഒന്നാം അപ്പീൽ 19.4.2022-ന് രണ്ടാം എതിർകക്ഷിക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 16.7.2022-ന് പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചിട്ടുള്ളത്, അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് ടി അപ്പീൽ അപേക്ഷ വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന് അയച്ചു കൊടുത്ത് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു എന്നും 25.6.2022-ന് ലഭിച്ച ജില്ലാ ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വ്യക്തമായ രേഖകൾ നേരിട്ട് 25.6.2022-ന് ജില്ലാ ഓഫീസിൽ നിന്നും നൽകിയതായി അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.2022 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ 24.1.2022 തീയതി രേഖപ്പെടുത്തി എതിർകക്ഷി ഓഫീസിൽ നൽകിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ 27.1.2022–ന് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയതിന് 21.2.2022–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിലാണ് ആക്ഷേപം ഉന്നയിച്ചിരുന്നതെന്നും പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിരുന്നില്ല എന്നും ലഭ്യമായ മുൻകാല ഫയലുകൾ പരിശോധിച്ചതിൽ 2018 മുതലുള്ള വിവരങ്ങൾ ലഭ്യമായിരുന്നതും ആയത് ടിയാന് ടി ഓഫീസിൽ നിന്നും അയച്ചു നൽകിയിരുന്നതുമാണെന്നുമാണ്. എന്നാൽ 9.3.2022–ലെ ശ്രീ. രതീഷ്കുമാറിന്റെ കത്തിൽ സ്റ്റാർ ഇൻഡസ്ട്രീസിന് 2013 മുതൽ ഡീലേഴ്സ് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് ടിയാൻ മനസ്സിലാക്കുന്നതായി ടി ഓഫീസിനെ അറിയിച്ചതിനെ തുടർന്ന് വീണ്ടും പഴയ ഫയലുകൾ പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട 2013 മുതലുള്ള രേഖകളും സൗജന്യമായി അയച്ചു നൽകിയിരുന്നു എന്നുമാണ്. എന്നാൽ 6.6.2022 തീയതിയിലെ DMG/1843/2022M നമ്പറായുള്ള അപ്പീൽ അധികാരിയുടെ കത്ത് പ്രകാരം ലഭ്യമായ ശ്രീ. രതീഷ്കുമാറിന്റെ അപ്പീൽ അപേക്ഷയിൽ ടി ഓഫീസിൽ നിന്നും അയച്ചു നൽകിയത് വ്യക്തമല്ലാത്ത രേഖകളാണ് എന്ന് ആക്ഷേപം ഉന്നയിച്ചിരുന്നതിനാൽ വ്യക്തമായ രേഖകൾ ഫീസടക്കാതെ അപേക്ഷകന് അയച്ചു നൽകാൻ അപ്പീൽ അധികാരി നിർദ്ദേശിച്ചിരുന്നു. ടി ഓഫീസിലെ ഫയലുകൾ കാലപ്പഴക്കം ചെന്നതിനാൽ ആയതിന്റെ കോപ്പികൾ വ്യക്തമല്ലായിരുന്നു എന്നും അപ്പീൽ അപേക്ഷ പ്രകാരം സ്റ്റാർ ഇൻഡസ്ട്രീസിൽ നിന്നും വ്യക്തമായ രേഖകൾ ലഭ്യമാക്കി മേൽപ്പടി ഓഫീസ് രേഖകളുമായി ഒത്തു നോക്കി അറ്റസ്റ്റ് ചെയ്ത് 25.6.2022 തീയതിയിലെ 1941/DOQ/S.2/2022 നമ്പർ കത്ത് പ്രകാരം അയച്ചു നൽകിയിരുന്നു എന്നും ജിയോളജിസ്റ്റായി എസ്.പി.ഐ.ഒ ടി ഓഫീസിൽ പുതിയതായി ജോയിൻ ചെയ്തിട്ടുള്ളതാണെന്നും സെക്ഷൻ ക്ലാർക്കും പുതിയ ആളുമായിരുന്നതിനാൽ മുൻകാല ഫയലുകളെ കുറിച്ച് വ്യക്തതയില്ലായിരുന്നു എന്നും എങ്കിലും വിവരാവകാശ അപേക്ഷയുടെ മറുപടിയിൽ പിശക് അറിയിച്ചതിനെ തുടർന്ന് ഫയലുകൾ മുഴുവൻ പരിശോധിച്ച് ആവശ്യപ്പെട്ട രേഖകൾ നൽകിയിരുന്നതാണെന്നും രേഖകൾ വ്യക്തമല്ലായെന്ന് ചൂണ്ടിക്കാട്ടി അപ്പീൽ സമർപ്പിച്ചപ്പോൾ വ്യക്തമായ രേഖകൾ ലഭ്യമാക്കി അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും പരാതിക്കാരനേയും എതിർകക്ഷികളേയും കേട്ടതിന്റേയും അടിസ്ഥാനത്തിൽ പരാതിക്കാരന് ഒന്നാം എതിർകക്ഷി നൽകിയ രേഖയുടെ പകർപ്പ് വ്യക്തമായി കാണാൻ കഴിയാത്തതാണെന്ന പരാതിക്കാരന്റെ വാദം കമ്മീഷന് ബോധ്യപ്പെടുകയും, പരാതിക്കാരന് എതിർകക്ഷികൾ വിവരങ്ങളും രേഖകളും നൽകുന്നതിൽ കാലതാമസം ഉണ്ടായതായും പ്രത്യേകിച്ച് രണ്ടാം എതിർകക്ഷിയുടെ ഭാഗത്തും വീഴ്ച ഉണ്ടായതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വ്യക്തമല്ലാത്ത രേഖകൾ നൽകിയതിൽ ഹർജിക്കാരൻ പരാതി ഉന്നയിച്ചപ്പോൾ രേഖകൾ നേരിട്ടു പരിശോധിക്കുന്നതിനോ, ഹർജിക്കാരനെ കേൾക്കുന്നതിനോ ഒന്നാം എതിർകക്ഷിയും പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയും അവസരം നൽകേണ്ടതായിരുന്നു. പരാമർശിത കാലയളവിലെ അപ്പീൽ അധികാരിയായ ശ്രീ. രാഘവൻ സമയബന്ധിതമായി ഒന്നാം അപ്പീൽ തീർപ്പാക്കാത്ത നടപടി വിവരാവകാശ

നിയമത്തിലെ 19(6) വകുപ്പിന്റെ ലംഘനമാകയാൽ ടി വീഴ്ചക്കുള്ള ടിയാന്റെ വിശദീകരണം ഉത്തരവ് ലഭിച്ച് 10.11.2022–നകം കമ്മീഷന് മുമ്പാകെ ഹാജരാക്കേണ്ടതാണ്. നിലവിലെ എസ്.പി.ഐ.ഒ പുതുതായി ചാർജെടുത്ത ഉദ്യോഗസ്ഥൻ ആണെങ്കിലും, ഭാവിയിൽ ഇത്തരം വീഴ്ചകൾ വരാതിരിക്കാൻ ശ്രദ്ധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ 27 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk